**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **02-02-2024 - ൽ മറുപടിയ്ക്ക്**

**വിദേശ വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി) അദ്ധ്യക്ഷനായ ഒരു സമിതി "Committee on Student Mobility and Expectations" രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണ്. |
| (ബി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കുന്നതിനും തട്ടിപ്പുകൾ തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമായുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജിഗോപിനാഥ് ചെയർമാനായും, ഡോ. ആർ. കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ദ്ധ സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും നിയമനിർമ്മാണത്തിന്റെ കരടും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | വിദേശ വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും തട്ടിപ്പുകൾ തടയുന്നതിനും നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ‘ ബി ’ യിൽ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ